Qatar Kerala Islahi Center (QKIC)
المركز الإصلاحي لمسلمي كيرلا بقطر

2.0

ഓൺലൈൻ സപ്ലിമെന്റ്

QKIC PUBLICATION WING - PUBLISHED ON 16th JUNE 2024

# കുട്ടിക്കാലത്തെ പെരുന്നാൾ

കുട്ടിക്കാലത്ത് പെരുന്നാളുകൾ വരിക എന്നത് വലിയ സന്തോഷമായിരുന്നു അന്നാണല്ലോ നല്ല ഒരു കുപ്പായമെങ്കിലും ഉടുക്കുന്നത്. സ്കൂളിന്റെ പടികയറുന്നതിന് മുമ്പ് തന്നെ ഉമ്മയുടെ തലോടൽ അവസാനിച്ചിരുന്നതിനാൽ എണ്ണ തേച്ച് കുറച്ചുനേരം കാത്തിരുന്നു കൊണ്ടുള്ള കുളിയും നല്ല രുചികരമായ തേങ്ങാച്ചോറും ഉപ്പയുടെ കൂടെയായിരുന്നു. പെരുന്നാൾ നിസ്കാരത്തിന് പോകുന്നതിന്റെ മുമ്പ് തന്നെ ഭക്ഷണം കഴിക്കുക എന്നത് കുട്ടിക്കാലത്ത് തന്നെ ഉപ്പ ശീലിപ്പിച്ചിട്ടുണ്ട്. പള്ളിയിലേക്ക് പോകുന്നതിന്റെ മുമ്പ് പഞ്ഞിയിൽ സെന്റ് തേച്ച് ചെവിയുടെ ഉള്ളിൽ വെച്ചതന്നിട്ടുണ്ടായിരിക്കും. പെരുന്നാൾ ആകുമ്പോൾ തന്നെ ഞങ്ങൾക്ക് എല്ലാവർക്കും ഒരേ കളറിലുള്ള ഡ്രസ്സുകൾ അടിക്കുന്നതിനു വേണ്ടി ഉപ്പാ എവിടുന്നോ അതിനുപറ്റിയ തുണി സംഘടിപ്പിച്ചിട്ടുണ്ടായിരിക്കും .

കുപ്പായത്തിന്റെ മുകളിലൂടെയുള്ള വള്ളി പാൻറും ഇട്ടു കൊണ്ടുള്ള ആഘോഷവും മുത്തമ്മമാരുടെ വീട്ടിലേക്കുള്ള വിരുന്നു പോക്കുകളും ഇന്നും മായാതെ മനസ്സിൽ തങ്ങി നിൽക്കുകയാണ് . ഈ വിരുന്ന് പോക്ക് വലിയൊരു അനുഭവമാണ് . കുട്ടികളില്ലാത്ത രണ്ട് മൂത്തമ്മമാരുടെ വീട്ടിലേക്കാണ് മറ്റുള്ള സഹോദരിമാരുടെ കുട്ടികളെല്ലാവരും വിരുന്ന് വന്നിരുന്നത്.

അവിടെ നല്ല കൃഷി ഉണ്ടായിരുന്നത് കൊണ്ടും ഇറച്ചി സുലഭമായി ലഭിച്ചിരുന്നത് കൊണ്ടും സുഭിക്ഷമായി ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നു. അതു തന്നെയായിരുന്നു ഞങ്ങളുടെ എല്ലാവരുടെയും വിരുന്നിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. വിശാലമായ പാടശേഖരത്തിൽ ഓടിക്കളിക്കാനും എല്ലാം മറന്ന് ആ ദിവസങ്ങൾ കഴിച്ചു കൂട്ടാനും ഞങ്ങൾക്ക് സാധിച്ചിരുന്നു . അവസാനം തിരിച്ചു പോകാൻ ആയല്ലോ എന്ന സങ്കടത്തോടു കൂടി മാത്രമേ വീട്ടിലേക്ക് മടങ്ങിയിരുന്നുള്ളൂ . അങ്ങനെയുള്ള പെരുന്നാളുകൾ ഇന്ന് കാണുവാൻ കഴിയുന്നില്ല.

ചെറിയ പ്രായത്തിൽ തന്നെ ഉമ്മ മരണപ്പെട്ടതുകൊണ്ട് അതിന്റെ അനാഥത്വവും വേദനയും ഉള്ളിലൊതുക്കി കൊണ്ടാണ് കുട്ടിക്കാലം മുതൽക്കുതന്നെ പഠനകാലം കഴിച്ചു കൂട്ടിയിരുന്നത് എന്റെ നാട്ടിലെ എൽ. പി സ്കൂൾ പഠനം കഴിഞ്ഞതിനുശേഷം എടത്തനാട്ടുകര ഓർഫനേജിൽ എന്റെ ഇക്കാക്കമാരെ ചേർത്തത് പോലെ തന്നെ എന്നെയും കൊണ്ട് ചേർത്തു പെരുന്നാൾ ആകുമ്പോഴാണ് പ്രധാനമായും അവിടുന്ന് വലിയ അവധിയിൽ നാട്ടിലേക്ക് വരിക. പെരുന്നാളിന് നാട്ടിൽ വന്നാൽ ഇക്കാക്കമാരുടെയും ഉപ്പാൻറെയും അമ്മായിയുടെയും എല്ലാം വക ഒരു രൂപ , രണ്ടു രൂപ സംഖ്യകൾ ലഭിക്കുകയും തിരിച്ചു പോകുമ്പോഴേക്കും ഒരു 20 രൂപ എങ്കിലും കയ്യിൽ സ്വരൂപിക്കാൻ സാധിക്കുകയും ചെയ്യും. ഇതു വലിയ സന്തോഷവും പിന്നീട് നാട്ടിലേക്ക് തിരിച്ചു വരുന്നതുവരെ ചായമക്കാനിയിൽ നിന്ന് ഇഷ്ടപ്പെടുന്ന സമയങ്ങളിൽ ഒരു ചായയും വെള്ളപ്പവും കഴിക്കാനുള്ള കാശു ഉണ്ടാവുകയും ചെയ്യും അതാണ് സന്തോഷത്തിന് പ്രധാനകാരണം. ഇത് കൂട്ടുകാരോട് പങ്ക് വെക്കുന്നത് അതിലേറെ സന്തോഷം അഭിമാനവുമായിരുന്നു. ഇന്ന് പെരുന്നാൾ ദിനങ്ങളിൽ പഴയ കാലത്തുണ്ടായിരുന്ന പലതും നമുക്ക് നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്നു. ബന്ധങ്ങൾ കാത്ത് സൂക്ഷിക്കാൻ പെരുന്നാൾ ദിനങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുക.

**മുജീബ് റഹിമാൻ മിശ്കാത്തി**
**ജനറൽ സെക്രട്ടറി QKIC**

اللهُ أَكْبَرُ اللهُ أَكْبَرُ لَا إِلٰهَ إِلَّا اللهُ وَاللهُ أَكْبَرُ اللهُ أَكْبَرُ وَلِلّٰهِ الْحَمْدُ

# അഭിനവ നംറൂദുമാർക്കെതിരെ ഇബ്രാഹീമുമാരാകുക

ഇസ്‌ലാമിന്റെ ആണിക്കല്ലായ തൗഹീദ്,ലോകത്ത് വന്ന പ്രവാചകൻമാരൊക്കെയും ഉയർത്തിപ്പിടിച്ച തൗഹീദ്, ആ തൗഹീദിന്റെ കടക്കൽ കത്തി വെക്കുന്ന പ്രവണതകൾ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന കാലം.

റബ്ബിനു പുറമെ വിളിച്ചു പ്രാർത്ഥിക്കപ്പെടുന്ന മഹത്തുക്കൾ നാളെ പരലോകത്ത് ഞങ്ങൾക്കുള്ള ശുപാർശകരായി മാറുമെന്ന മക്കാ മുശ്രിക്കുകളുടെ പിഴച്ചചിന്താഗതി , ആ ചിന്താഗതികളെ മറികടന്നു കൊണ്ടുള്ള ഒന്നുകൂടെ അപകടകരമായ നിലപാടുകളിലേക്ക് ചിലരെത്തിപ്പെട്ടിരിക്കുന്നു. മഴ വർഷിപ്പിക്കുന്നത്,രോഗം സുഖപ്പെടുത്തുന്നത്,ഈ ലോകത്തെ തന്നെ നിയന്ത്രിക്കുന്നത്,ഈ ഭൂമുഖത്ത് ജീവിച്ചു മരിച്ചു പോയ ചില മഹാൻമാരാണത്രെ. ഗുരുതരമായ ഇത്തരം ആശയങ്ങളെ പ്രൊമോട്ട് ചെയ്യുന്ന കൂലിത്തൊഴിലാളികളായ ചില പുരോഹിതൻമാർ ഇതിലൂടെ വരുമാനമുണ്ടാക്കി ജീവിക്കുന്നവരുമാണ്.

സമൂഹത്തിൽ തഴച്ചുവളരുന്ന ശിർക്കിന്നെതിരെ ശബ്ദിക്കുന്നതിനു പകരം പുരോഹിതൻമാർ സർക്കസ് കൂടാരത്തിലെ വാനരൻമാരെ പോലെ ആടിയും ചാടിയും നൃത്തം ചെയ്തും കാലം കഴിച്ചു കൂട്ടുകയാണ്.

ഇവിടെ തഴച്ചുവളരുന്ന അഭിനവ നംറൂദുമാർക്കെതിരെ നട്ടെല്ലു നിവർത്തി ചങ്കൂറ്റത്തോടെ തൗഹീദിന്റെ വെളിച്ചം പകർന്നു നൽകുന്ന ഇബ്രാഹീമുമാരായി മാറാൻ നമുക്ക് സാധിക്കണം.

ഞാനാണ് ഉന്നതനായ റബ്ബ് എന്ന് വാദിച്ച സ്വേഛാതിപധിയായ നംറൂദിന്റെ കൊട്ടാരത്തിൽ ആർജ്ജവത്തോടെ കയറി ചെന്ന് റബ്ബിനെ പരിചയപ്പെടുത്തിയ, നംറൂദിന്റെ അഗ്നികുണ്ഠാരത്തിലേക്ക് വലിച്ചെറിയപ്പെട്ടപ്പോഴും എനിക്കല്ലാഹു മതി, അവനാണ് ഭരമേൽപിക്കാൻ ഏറ്റവും ഉത്തമൻ എന്ന് തന്റേടത്തോടെ പ്രഖ്യാപിച്ച, മഹാനായ ഇബ്രാഹീം നബി(അ)ന്റെ ത്യാഗപൂർണമായ ജീവിതത്തിലെ അത്യത്ഭുതകരമായ നിമിഷങ്ങളെ അയവിറക്കുന്ന ഈ ബലിപെരുന്നാൾ സുദിനം നമുക്കതിന്ന് പ്രചോദനമാകട്ടെ.

അല്ലാഹു അക്ബർ അല്ലാഹു അക്ബർ അല്ലാഹു അക്ബർ

**സ്വലാഹുദ്ദീൻ സ്വലാഹി,**
**ചീഫ് എഡിറ്റർ**

## അണിയറയിൽ

ചീഫ് എഡിറ്റർ
- സ്വലാഹുദ്ദീൻ സ്വലാഹി

ഡിസൈനിംഗ് & ലേ ഔട്ട്
- അബ്ദുൽ കഹാർ
- സഹൽ
- ഷഹാൻ

പബ്ലിക്കേഷൻ കൺവീനർ
- അനീസുദ്ദീൻ

സബ് എഡിറ്റേഴ്സ്
- കെ. ടി ഫൈസൽ സലഫി
- മുജീബ് റഹ്മാൻ മിശ്കാത്തി

അഡ്വൈസർ
- സെലു അബൂബക്കർ

പ്രൂഫ് റീഡിംഗ്
- അബ്ദുൽ വഹാബ്
- നജ്മുദ്ദീൻ സലഫി
- ഫൈസൽ സലഫി




**പി.എൻ. അബ്ദുൽ ലത്തീഫ് മദനി**
സംസ്ഥാന പ്രസിഡന്റ്,
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

ത്യാഗത്തിന്റെയും സഹനത്തിന്റെയും ഓർമ്മകൾ പുതുക്കുന്ന ബലിപെരുന്നാൾ സുദിനത്തോടനുബന്ധിച്ച് ഖത്തർ കേരള ഇസലാഹി സെന്റർ ഖത്തർ മലയാളികൾക്കായി സമർപ്പിക്കുന്ന 'ഇൽഫ' രണ്ടാം പതിപ്പിന് എല്ലാ ആശംസകളും നേരുന്നു.

തിരക്കുപിടിച്ച ജീവിതയാത്രക്കിടയിൽ എല്ലാവരുമായി പരസ്പരം അടുക്കാനും സ്നേഹങ്ങൾ പങ്കുവെക്കാനും ബന്ധങ്ങൾ പുതുക്കാനും ഈ പുണ്യ ദിനങ്ങളിൽ നമുക്ക് സമയം കണ്ടെത്താം. ബലി പെരുന്നാൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടാൻ ഒരു ധൈഷണിക വിരുന്നായി ഇൽഫകൂടി വരുമ്പോൾ ഈ സന്തോഷത്തിന് ഇരട്ടി മധുരമാണ് . വളരെ ചെറിയ ഒരു രാജ്യത്തു ജീവിത സ്വപ്നങ്ങളുമായെത്തിയ പ്രവാസികൾക്കു നന്മയുടെ വഴി കാണിച്ചു കൊടുക്കാൻ ഖത്തർ ഇസ്‌ലാഹികൾ എന്നും ഉത്സാഹം കാണിച്ചിട്ടുണ്ട്. പലപ്പോഴും ആഘോഷങ്ങൾക്ക് അതിരുവിട്ട അർത്ഥങ്ങൾ നൽകി ആഭാസങ്ങൾ തീർക്കുന്ന കാഴ്ചകൾക്കിടയിൽ ഈദിന്റെ ആശയത്തെ അന്വർത്ഥമാക്കുന്ന നിങ്ങളുടെ ഈ പരിശ്രമം ഏറെ ശ്ലാഘനീയമാണ്.

'ഇൽഫ'യുടെ താളുകളിൽ നിറം പിടിച്ച വിജ്ഞാന മുത്തുകൾ ഖത്തർ മലയാളികൾക്കു വിശിഷ്യാ കുടുംബങ്ങൾക്കു പ്രയോജനപ്രദമാവട്ടെ എന്നാശംസിക്കുന്നു



**കെ.താജുദ്ദീൻ സ്വലാഹി**
പ്രസിഡന്റ്, വിസ്ഡം യൂത്ത് കേരള

പ്രിയ പ്രവാസികളെ,
അസ്സലാമു അലൈകും
ഖത്തർ കേരള ഇസ്‌ലാഹി സെന്റർ (ക്യു.കെ.ഐ.സി) ഖത്തറിലെ മലയാളികൾക്കായി ഒരുക്കുന്ന ഈദ് സപ്ലിമെന്റ് ഇൽഫയുടെ രണ്ടാം പതിപ്പ് അണിയറയിൽ ഒരുങ്ങുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു..

എല്ലാ തരം വെല്ല് വിളികളും നാം അതിജീവിക്കേണ്ടത് വിചാര വിപ്ലവത്തിന്റെ വഴിയിലൂടെയാണ്. ഭയവും നിരാശയുമല്ല ദൈവ ഭക്തി, പ്രാമാണിക അടിത്തറ ആത്മ ധൈര്യം,ക്രിയാത്മകത്വം, പ്രതീക്ഷ, എന്നിവയാണ് നമ്മുടെ വഴി. ഇത് സമൂഹത്തിൽ സൃഷ്ടിക്കേണ്ടത് വാചാലമാകുന്ന അക്ഷരങ്ങളും ധീരമായ ശബ്ദ ശകലങ്ങളുമാണ്. ആ നിലക്ക് ELFA ഏറെ പ്രസക്തമാകുന്നു. പ്രവാസിയുടെ, കനൽ എരിയുന്ന ജീവിത പഥങ്ങളിൽ വെളിച്ചം പകരാൻ ഈ സംരഭത്തിന് സാധിക്കട്ടെ. ആമീൻ വിസ്ഡം യൂത്തിന്റെ ഒരായിരം ആശംസകൾ നേരുന്നു...



**ടി.കെ അഷ്‌റഫ്**
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

അചഞ്ചലമായ തൗഹീദിൽ ഊട്ടിയുറപ്പിക്കപ്പെട്ട ഇബ്രാഹീമീ മില്ലത്തിന്റെ സ്മരണകൾ അയവിറക്കുന്ന ഈദുൽ അദ്ഹയോടനുബന്ധിച്ച് ഖത്തറിലെ ഇസ്‌ലാഹി പ്രവർത്തകർ പുറത്തിറക്കുന്ന 'ഇൽഫ' സപ്ലിമെന്റിന് ഒരായിരം ആശംസകൾ.

അല്ലാഹുവിന്റെ കൽപനകളെ യാഥാവിധി ശിരസ്സാവഹിച്ച മഹാനായ പ്രവാചകൻ ഇബ്‌റാഹിം (അ) തന്റെ കുടുംബത്തെ ആരാരുമില്ലാത്ത മക്കാ മണലാരണ്യത്തിൽ തനിച്ചാക്കി തിരിച്ചു നടക്കുമ്പോൾ അദ്ദേഹം തവക്കുലാക്കിയത് ഏകനായ അല്ലാഹുവിനെ മാത്രമാണ്.

ജീവിത വിഭവങ്ങൾ തേടി കുടുംബങ്ങളെയും നാടിനേയും വിട്ട് പ്രവാസം പുൽകിയ നമ്മുടെയും ആശ്രയം ആ അല്ലാഹുവിനോട് മാത്രമായിരിക്കണം. ഏതൊരു ജീവിതാവസ്ഥയിലും അവനെ മാത്രം ഭരമേൽപ്പിച്ച് മുന്നേറാൻ ആ ത്യാഗസ്മരണകൾ നമുക്ക് പ്രചോദനമാകണം.

പ്രയാസങ്ങളുടെയും പ്രശ്നങ്ങളുടെയും വേലിയേറ്റങ്ങൾ എത്ര തന്നെ അനുഭവിക്കേണ്ടി വന്നാലും തൗഹീദിലധിഷ്ഠിതമായ ജീവിത പാന്ഥാവിലൂടെ അതിനെ മറികടക്കാനും കാറ്റും കോളുമടങ്ങിയ ശാശ്വത സമാധാനത്തിന്റെ തീരത്തേക്ക് ജീവിത യാത്ര അവസാനിപ്പിക്കാനും സാധിച്ചാൽ നാം വിജയം പുൽകിയവരായി മാറും.

അല്ലാഹു അനുഗ്രഹിക്കട്ടെ !



**അർഷദ് അൽ ഹിക്കമി**
പ്രസിഡന്റ്, വിസ്ഡം സ്റ്റുഡൻസ് , കേരള

ഇസ്‌ലാം ഇണക്കമാണ് .....
കുലത്തിന്റെ പേരിൽ വർഷങ്ങളോളം വാളെടുത്തവരുടെ ഹൃദയങ്ങളെ ഇണക്കിയ വെളിച്ചമാണ്......
ഈ വെളിച്ചം പരക്കണം, തമ്മിലിണങ്ങണം... രാജ്യങ്ങൾ തമ്മിൽ നാടുകൾ തമ്മിൽ, കൂടുംബങ്ങൾ തമ്മിൽ, ചങ്ങാതിമാർ തമ്മിൽ
മനസ്സുകൾ തമ്മിൽ ഇണങ്ങട്ടെ,
ഹൃദയങ്ങൾ തുറക്കട്ടെ......ഇൽഫയുടെ പിന്നണിയിലെ സുഹൃത്തുക്കളേ...നിങ്ങൾക്കുള്ള പ്രാർഥനകളും ഒത്തിരി സ്നേഹവും റബ്ബ് സ്വീകരിക്കട്ടെ...
എവർക്കും സ്നേഹപ്പെരുന്നാൾ പ്രത്യാശിക്കുന്നു .
പ്രാർത്ഥനകളോടെ......



**ഇ. ടി. മുഹമ്മദ് ബഷീർ**
മെമ്പർ ഓഫ് പാർലമെന്റ്

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പകരുന്ന ഈദ് സുദിനത്തിൽ ഖത്തർ കേരള ഇസ്‌ലാഹി സെന്റർ ഒരുക്കുന്ന ഇൽഫയിലൂടെ കടലിനക്കരെ നിങ്ങളുടെ ബലിപെരുന്നാൾ സന്തോഷങ്ങളിൽ പങ്കുചേരുകയും എല്ലാവർക്കും എന്റെ പെരുന്നാൾ ആശംസകൾ നേരുകയും ചെയ്യുന്നു.

വേദനകളും പ്രയാസങ്ങളും അനുഭവിക്കുന്നവരെയും യുദ്ധഭൂമികളിൽ നിസഹായരായി കഴിയുന്നവരെയും കലാപകെടുതികളിൽ കഷ്ടപ്പെടുന്നവരെയും ഈ ദിവസങ്ങളിൽ നമുക്ക് പ്രത്യേകം ഓർക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യാം .

മലയാളക്കരയുടെ സന്തോഷങ്ങളിലും ദു:ഖങ്ങളിലും പ്രവാസികൾ നൽകിയ കൈത്താങ്ങുകൾ ആർക്കും മറക്കാൻ കഴിയാത്തതാണ്
സ്നേഹത്തിന്റെ കഥകൾ പറയുന്ന പെരുന്നാൾ സുദിനത്തിൽ നമ്മുടെ നാടിന്റെ സ്നേഹവും ഐക്യവും നില നിർത്താൻ നമുക്കൊരുമിച്ച് മുന്നേറാം.

ഏവർക്കും ബലി പെരുന്നാൾ ആശംസകൾ



**കെ ടി ഫൈസൽ സലഫി**
പ്രസിഡന്റ് , QKIC

ത്യാഗത്തിന്റെയും സഹനത്തിന്റെയും മഹത്വം വിളിച്ചോതുന്ന ആഘോഷമാണ് ബലിപെരുന്നാൾ.

ദൈവകൽപനകൾക്ക് വിശ്വാസികൾ നൽകേണ്ട പ്രാധാന്യത്തിന് ഉത്തമ മാതൃകയാണ് മഹാനായ ഇബ്‌റാഹീം നബി (അ)യുടേയും മകൻ ഇസ്മായീൽ നബി (അ) യുടേയും ചരിത്രം

അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി സർവ്വതും സമർപ്പിക്കാനും അവന്റെ കൽപനയ്ക്ക് മുന്നിൽ സർവ്വരസങ്ങളേയും മുറിച്ച് കളയാനുമുള്ള ആത്മബലത്തിന്റേയും ത്യാഗത്തിന്റെയും പാഠങ്ങളാണ് മഹാനായ ആ പ്രവാചകരിലൂടെ നാം ഉൾകൊള്ളേണ്ടത്.

ദേഹേച്ഛക്കും ആത്മ സുഖത്തിനും വേണ്ടിയാണ് ജീവിതമെന്ന് കരുതുന്ന ആധുനിക സമൂഹത്തിന് എന്തിനോ വേണ്ടി ജീവിച്ച് തീരുന്നതിന് പകരം,
ജീവിത വീഥിയിലെ തീക്ഷ്ണമായ പരീക്ഷണങ്ങളിൽ കൂടെയുള്ളവരെ ചേർത്ത് പിടിക്കലും ദേഹേച്ഛക്കളെ കീഴ്പ്പെടുത്തിയും ത്യാഗ സന്നദ്ധയോടെയും പൈശാചിക പ്രലോഭനങ്ങളോട് സന്ധിയില്ലാ സമരം ചെയ്തുമാണ് നമ്മുടെ മുൻഗാമികൾ ചരിത്രത്തിൽ ഇടം നേടിയതെന്ന ഓർമ്മപ്പെടുത്തലും കൂടിയാണ് ബലിപെരുന്നാൾ.

എവർക്കും ബലിപെരുന്നാൾ ആശംസകൾ.

# പുഴുവിൽ നിന്ന് പൂമ്പാറ്റയിലേക്ക്...

നാൽകാലികളുടെ വിലപോലും അടിമകൾക്ക് നൽകാത്ത ജാഹിലിയ്യാ കാലത്ത് പുഴുക്കളെ പോലെ അറപ്പോടെയായിരുന്നു അറേബ്യക്കാർ അടിമകളെ കണ്ടിരുന്നത്. മുഴുവൻ സമയവും യജമാനനു വേണ്ടി പണിയെടുക്കുന്ന യന്ത്രങ്ങൾ പോലെയായിരുന്നു അവർ. അവർക്ക് ഭക്ഷണം ലഭിക്കുന്നുണ്ടോ, അവർ വിശ്രമിക്കുന്നുണ്ടോ എന്നൊന്നും മറ്റുള്ളവരെ ബാധിക്കുന്ന കാര്യമായിരുന്നില്ല. ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ തുണിച്ചാക്ക് അരയിൽ കെട്ടി വസ്ത്രമാക്കി, കറുത്ത ശരീരവും ചുരുണ്ട മുടിയുമുള്ള ഹബാഷ (എത്യോപ്യ) സ്വദേശിയായ ഒരു നീഗ്രോ അടിമയുണ്ടായിരുന്നു.

ഖുറൈശികളിൽ പ്രമുഖനായ ഉമയ്യത്ത് ഇബ്നു ഖലഫിന്റെ അടിമയായിരുന്ന ബിലാൽ. ബിലാൽ ഇബ്നു റബാഹ് (റ) ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും പ്രസിദ്ധമായ പേരുകളിൽ ഒന്നാണ്. മനുഷ്യ സമത്വത്തോടും വംശീയതയ്ക്കുക്കെതിരെയും ഇസ്‌ലാമിന്റെ ആദരവിന്റെ പ്രകടമായ കഥയാണ് ബിലാൽ. ബിലാൽ ഇസ്‌ലാം സ്വീകരിക്കുന്നതിനെക്കുറിച്ച് കേട്ടപ്പോൾ ഉമയ്യ അവനെ പീഡിപ്പിക്കുകയും പുതിയ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കുകയും ചെയ്തു. എന്നാൽ കഠിനമായ പീഡനങ്ങൾക്കിടയിലും ബിലാൽ തന്റെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും 'അഹദ്, അഹദ്' എന്ന് പറയുകയും ചെയ്തു. (അല്ലാഹു ഏകനാണ്, അല്ലാഹു ഏകനാണ്).

ഇതറിഞ്ഞ തിരുനബി (സ) അബൂബക്കർ (റ) നെ അയച്ചു, അവന്റെ പീഡകരിൽ നിന്ന് വലിയ വിലനിൽകി അവനെ വാങ്ങി മോചിപ്പിച്ചു. ബിലാലിന് ഇസ്‌ലാം നൽകിയ ആദ്യ സമ്മാനമായിരുന്നു സ്വാതന്ത്ര്യം. അങ്ങനെ ബിലാൽ മുഹമ്മദ് നബി(സ)യുടെ ഏറ്റവും വിശ്വസ്തനായ സഹചാരിയായി മാറി.

ബിലാൽ മദീനയിലേക്ക് ഹിജ്റ പോയി. മദീനയിൽ മുത്ത് നബിയും കൂട്ടരും പള്ളി പണിയുമ്പോൾ ബിലാലും കൂടെ തന്നെയുണ്ടായിരുന്നു. പള്ളി പണിത ശേഷം ആദ്യമായി ബാങ്കുവിളിക്കാൻ നബി (സ) ആവശ്യപ്പെട്ടത് ബിലാലിനോടായിരുന്നു. തിരുനബി (സ) അദ്ദേഹത്തെ മുഅദ്ധിനു റസൂലായി (പ്രവാചകനുവേണ്ടി ബാങ്കു വിളിക്കുന്നുവൻ) നിയമിച്ചു.

ബദർ, ഉഹ്ദ്, ഖന്ദഖ് തുടങ്ങിയ യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. ഇസ്‌ലാമിലെ ബഹുസ്വരതയുടെയും വംശീയ സമത്വത്തിന്റെയും തെളിവാണ് ബിലാലിന് ഇസ്‌ലാമിക ചരിത്രം നൽകുന്ന പ്രാധാന്യം. ഹിജ്റ എട്ടിൽ മക്കാ കീഴടക്കിയതിനു ശേഷം മറ്റൊരു മഹത്തായ ബഹുമതി ബിലാലിനെ തേടിയെത്തി. മക്കാ വിജയ വേളയിൽ കഅ്ബക്കടുത്ത് തടിച്ച് കൂടിയ മക്കയിലെ പ്രഭുക്കന്മാരടക്കം ആയിരക്കണക്കിന് ആളുകൾക്ക് നടുവിൽ കഅബയുടെ മുകളിൽ കയറി ബാങ്കുവിളിക്കാൻ റസൂൽ (സ) ആവശ്യപ്പെട്ടത് ബിലാലിനോടാണ്. ആ വേളയിൽ കഅ്ബയുടെ മുകളിലേക്ക് കയറാനായി തന്റെ ചുമൽ കാണിച്ച് ചവിട്ടി കയറാൻ റസൂൽ (സ) ആവശ്യപ്പെട്ടതും മറ്റുള്ളവരെ ഏറെ വിസ്മയിപ്പിക്കുകയുണ്ടായി.

അങ്ങനെ കഅ്ബയിൽ ആദ്യത്തെ ബാങ്ക് ബിലാലിന്റെതായിരുന്നു.

ഒരിക്കൽ തിരുനബി(സ) പറഞ്ഞു: 'ഓ ബിലാൽ, സ്വർഗത്തിൽ എനിക്ക് മുമ്പേ നിന്റെ കാലടികളുടെ ശബ്ദം ഞാൻ കേട്ടതിൽ നീ എന്ത് പ്രത്യേക കർമ്മം ചെയ്തു.' ബിലാൽ പറഞ്ഞു: "ഞാൻ വുദു (വുദു) ചെയ്യുമ്പോഴെല്ലാം തഹയ്യത്തുൽ വുദുവായി രണ്ട് റക്അത്ത് ഞാൻ നിസ്കരിക്കുന്നു. തിരുനബി(സ) വഫാത്തായതിന് ശേഷം തന്റെ പ്രിയപ്പെട്ട നബി(സ)യില്ലാത്ത മദീനയിൽ ജീവിക്കാൻ ബിലാലിന് കഴിഞ്ഞിരുന്നില്ല. നബി (സ) യുമായുള്ള ഓർമ്മകൾ ബിലാലിനെ അലട്ടിക്കൊണ്ടേയിരുന്നു. സങ്കടം സഹിക്കവെയ്യാതെ ബിലാൽ (റ) തന്നെ സിറിയയിലേക്ക് പോകാൻ അനുവദിക്കണമെന്ന് അന്ന് ഖലീഫയായിരുന്ന അബൂബക്കറിനോട് (റ) ആവശ്യപ്പെട്ടു. അവിടെ അദ്ദേഹം തന്റെ ജീവിതത്തിന്റെ ബാക്കി കാലം മുഴുവൻ ചെലവഴിച്ചു. അതിനുശേഷം രണ്ടു തവണ മാത്രമാണ് അദ്ദേഹം ബാങ്ക് വിളിച്ചത്. ആദ്യത്തേത് ഖലീഫ ഉമർ (റ)ബൈത്തുൽ മുഖദ്ദസ് സന്ദർശിച്ചപ്പോൾ, അദ്ദേഹം ബിലാലിനോട് ബാങ്ക് വിളിക്കാൻ അഭ്യർത്ഥിച്ചു, അത് അദ്ദേഹം സ്വീകരിച്ചു. ബാങ്കു വിളിച്ചപ്പോൾ, കൂടെയുള്ളവർ പഴയ കാലം ഓർത്ത് കരഞ്ഞു. ഖലീഫ ഉമർ മുമ്പൊരിക്കലും കരയാത്തതുപോലെ അന്ന് കരഞ്ഞതായി പറയപ്പെടുന്നു. രണ്ടാമത്, ഒരിക്കൽ ബിലാൽ നബി(സ)യെ സ്വപ്നത്തിൽ കണ്ടു, 'അല്ലയോ ബിലാലേ, അതെന്താ, നീ എന്നെ സന്ദർശിച്ചില്ല' എന്ന് റസൂൽ ചോദിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. ബിലാൽ വിഷമിച്ചു; അദ്ദേഹം മദീനയിലേക്ക് പുറപ്പെട്ടു, തിരുനബി(സ)യുടെ കബറിടം സന്ദർശിച്ചു

പ്രവാചകന്റെ പൗത്രന്മാരായ ഹസ്സനെയും ഹുസൈനെയും കണ്ടപ്പോൾ അദ്ദേഹം അവരെ ആലിംഗനം ചെയ്യാൻ ഓടി. അവരുടെ അഭ്യർത്ഥനപ്രകാരം, വിറയ്ക്കുന്ന ശബ്ദത്തോടെയും കരയുന്ന കണ്ണുകളോടെയും ബിലാൽ ബാങ്കു വിളിച്ചു. ബിലാലിന്റെ ബാങ്കു കേട്ട് ആളുകൾ പ്രവാചകന്റെ പള്ളിയിലേക്ക് ഓടിയെത്തി. 'അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്, എന്ന് പറഞ്ഞു തീർക്കാനാവാതെ കരഞ്ഞു കരഞ്ഞു ബിലാൽ കുഴഞ്ഞു വീണു. മദീനയിലെ അദ്ദേഹത്തിന്റെ അവസാന ബാങ്കു വിളി ആയിരുന്നു അത്. 25 വർഷം അദ്ദേഹം തിരുനബി(സ)യെ സേവിച്ചു. ഉമർ ബിൻ ഖത്താബിനെപ്പോലുള്ള ശക്തന്മാരിൽ ഒരാൾ അദ്ദേഹത്തെ 'സയ്യിദനാ' (നമ്മുടെ നേതാവ്) എന്ന് അഭിസംബോധന ചെയ്യുന്ന നിലയിലേക്ക് ഇസ്‌ലാം അദ്ദേഹത്തെ ഉയർത്തി. മരണക്കിടക്കയിൽ കിടക്കുമ്പോൾ, ഭാര്യ ഹിന്ദ് കരഞ്ഞു, 'വാ ഹസാനാ' (എന്തൊരു വലിയ സങ്കടം), എന്ന് പറഞ്ഞപ്പോൾ അതിന് ബിലാൽ മറുപടി പറഞ്ഞു, 'വാ തരാബാ' (എന്തൊരു വലിയ സന്തോഷം); "നാളെ ഞാൻ എന്റെ പ്രിയപ്പെട്ടവരുമായി മുഹമ്മദ് (സ) യെയും കൂട്ടാളികളെയും കാണും," അദ്ദേഹം ഭാര്യയോട് പറഞ്ഞതായി പറയപ്പെടുന്നു. ഇങ്ങനെ ഒരു പുഴുവിന്റെ വില പോലും ലഭിക്കാതിരുന്ന ബിലാൽ ഇസ്‌ലാമിക ചരിത്രത്തിലെ വർണ്ണാഭമായ പൂമ്പാറ്റയായി മാറി... .

സെലു അബൂബക്കർ
സെക്രട്ടറി, QKIC

# മാനവ ഐക്യം പെരുന്നാൾ ചിന്തകളിൽ



പ്രതീക്ഷയുടെ നീലാകാശക്കുടക്കീഴിലിരുന്നാണ് പ്രവാസി സമൂഹം പരിശുദ്ധ ഹജ്ജിനോടാനുബന്ധിച്ചുള്ള പെരുന്നാളും ആഘോഷിക്കാൻ തയ്യാറെടുക്കുന്നത്. ഭയരഹിതരായി മനുഷ്യർക്ക് ഭൂമിയിൽ അധിവസിക്കാൻ കഴിയുക എന്നത് തന്നെയാണ് ദൈവം തമ്പുരാൻ പ്രാർത്ഥനയിലൂടെ മാനവരാശിക്ക് വാഗ്ദാനം ചെയ്യുന്നത്. ലോകത്തിലെ വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളും കോടിക്കണക്കായ ജനങ്ങളും ഒരേ മനസ്സുംഒരേ മെയ്യുമായി പരസ്പരം ഒരുമയോടെ അദൃശ്യമായ ചങ്ങലക്കണ്ണികളാൽ ബന്ധിക്കപ്പെട്ടു നിലകൊണ്ടാൽ എല്ലാ ആരാധനാ കർമ്മങ്ങൾക്കും പ്രതിഫലം നൽകുന്ന അന്ത്യനാളിൽ ദൈവം സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗം കിട്ടുമെന്നതിൽ തർക്കമില്ല! അതാണ് നാം അറഫ ദിനത്തിൽ കാണുന്നതും.

മനുഷ്യർ അതാതു കാലത്ത് സംഭവിക്കുന്ന കാരണങ്ങൾ പറഞ്ഞ് പരസ്പരം കലഹിച്ചും പോരടിച്ചും, മനോഹരമായ ഈ ജീവിതത്തെ കുളം തോണ്ടിക്കൊണ്ടിരിക്കും..ഈ അപ്രിയമായ സത്യം തിരിച്ചറിഞ്ഞ് നാം ഓരോരുത്തരും സ്വയം ശുദ്ധീകരിച്ച് മഹത്വമുള്ള മനുഷ്യരാവുക. സ്വയം രാഷ്ട്രവും രാഷ്ട്രനായകരുമായി മാറുക!

അയൽക്കാരനെയും അഗതിയെയും ആലംബമറ്റ സഹജീവിയെയും ചേർത്ത് പിടിക്കാനുള്ള സഹാനുഭൂതിയുള്ള മനസ്സ് ആർജ്ജിച്ചെടുക്കുക.

ഒരു ദൈവം, ഒരു ജനത, ഒരു രാജ്യം..'അഹം ബ്രഹ്മം ഏകം ബഹുമുഖ ശക്തം ' എന്നതായിരിക്കട്ടെ നമ്മുടെ പരസ്പരം കൈമാറുന്ന ഈദ് സന്ദേശം.

തക്ബീർ മുഴക്കി പുതുവസ്ത്രവും സുഗന്ധവും പൂശി ആലിംഗനം ചെയ്ത് പെരുന്നാൾ ആഘോഷിക്കുമ്പോൾ എവിടെയോ ഒരു അനാഥൻറെ നിലവിളി കേൾക്കുന്നുണ്ട്..ഒരു വിധവയുടെ നിലക്കാത്ത തേങ്ങൽ ഉയരുന്നുണ്ട്...
ഒരു കുഞ്ഞ് അഭയാർത്ഥി ക്യാമ്പിൽ വിശന്ന് കരയുന്നുണ്ട്...

അവരുടെ മോചനത്തിനുള്ള സംഘാടനമാകട്ടെ നമ്മുടെ പെരുന്നാൾ ചിന്തകൾ. ഈ ചിന്തയും ഈ ഭാഷയും ലോകത്ത് പ്രവാസി സമൂഹത്തിന് മാത്രമേ ഉൾക്കൊള്ളാൻ കഴിയൂ. അത്കൊണ്ട് തന്നെ എല്ലാ പ്രവാസി സ്നേഹഹൃദയങ്ങൾക്കും മാനവ ഐക്യത്തിന്റെ ഒരുമയുടെ പെരുമ പാടും

ഈദ് ആശംസകൾ
ഹൈദർ ചുങ്കത്തറ ,
ഇൻകാസ് ഖത്തർ
പ്രസിഡന്റ്

# ചില ബലി പെരുന്നാൾ  ചിന്തകൾ

لَبَّيْكَ ٱللَّٰهُمَّ لَبَّيْكَ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ، إِنَّ ٱلْحَمْدَ وَٱلنِّعْمَةَ لَكَ وَٱلْمُلْكَ لَا شَرِيكَ لَكَ



ദൈവ  വിളിക്കു ഉത്തരം നൽകി ലോകത്തിന്റെ അഷ്ടദിക്കുകളിൽ  നിന്നും ഭൂഖണ്ഡങ്ങൾ താണ്ടി ഉടയാട വൈവിധ്യങ്ങൾ മാറ്റിവെച്ച്  എല്ലാവരും ഒരേ മനസ്സുമായി ഒറ്റ ലക്ഷ്യത്തിലേക്ക് ... ഇസ്‌ലാമിൻെ പഞ്ചസ്തംഭങ്ങളിൽ അതിപ്രധാനമായ കർമ്മം. വിശ്വാസിയുടെ മനസ്സിനെ സംസ്കരിക്കുന്ന പരിശുദ്ധ ഹജ്ജ്. ഹസ്രത്ത് ഇബ്രാഹിം നബിയുടെയും മകൻ ഇസ്മായിൽ നബിയുടെയും ദൈവത്തിനു മുമ്പിലുള്ള സർവ്വ സമർപ്പണത്തിന്റെ തുടിക്കുന്ന ഓർമ്മകളുമായി ഒരു ബലി പെരുന്നാൾ കൂടി സമാഗതമാവുകയാണ് അനുവദനീയമായ ആഘോഷങ്ങൾക്ക് ഇസ്‌ലാം വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട് .അന്ന പാനീയങ്ങൾക്കും സൗഹൃദ സന്ദർശനങ്ങൾക്കും ഇസ്‌ലാമിലെ  ആഘോഷങ്ങളിൽ പ്രധാന പങ്കാണ് ഉള്ളത്. അതുകൊണ്ടാണ് പെരുന്നാൾ ദിനങ്ങളിൽ വ്രതാചരണം നിഷിദ്ധമാക്കപ്പെട്ടതും, ആഘോഷ സന്തോഷ വേളകളിൽ കുടുംബ ബന്ധംചേർക്കൽ ,സുഹൃദ് സന്ദർശനം,ദാന ധർമ്മങ്ങൾ അധികരിപ്പിക്കൽ ,അനാഥകൾക്കും അഗതികൾക്കും ഭക്ഷണം നൽകൽ... തുടങ്ങി സാമൂഹിക പ്രതിബന്ധത പുലർത്തുന്ന ഗുണ വശങ്ങളുള്ള നിരവധി നിർദേശങ്ങൾ ആഘോഷങ്ങളുടെ ഭാഗമായി ഇസ്‌ലാമിൽ പ്രതിപാതദിക്കുന്നതും ..

ഒരു പെരുന്നാൾ സുദിനത്തിൽ പ്രവാചകൻ (സ )യുടെ സന്നിധിയിൽ ഗാനങ്ങളാലപിച്ച് സന്തോഷിച്ചിരുന്ന കുട്ടികളെ കണ്ട് സിദ്ധീക്ക് (റഅ) നിരുൽസാഹപ്പെടുത്തിയപ്പോൾ ' എല്ലാ സമൂഹങ്ങൾക്കും ആഘോഷമുണ്ട്, ഇന്ന് നമ്മുടെ ആഘോഷമാണ് ' എന്ന് പറഞ്ഞ് തിരുനബി(സഅ )  കുട്ടികളുടെ പക്ഷം ചേർന്നത് ഹദീസുകളിൽ കാണാവുന്നതാണ് . ഇത് സൂചിപ്പിക്കുന്നത് മൂല്ല്യങ്ങളിൽ നിന്നും വ്യതിചലിക്കാതെയുള്ള ആഘോഷളെ ഇസ്‌ലാം നിഷേധിക്കുന്നില്ല എന്നതാവുന്നു .

ആധുനികതയുടെയും ആഗോളവൽക്കരണത്തിൻറെയും അതിഭൗതികതയുടെയും പ്രളയ പ്രവാഹത്തിൽ ഇന്നത്തെ നമ്മുടെ പെരുന്നാൾ അടക്കമുള്ള ആഘോഷങ്ങൾ ജാഹിലിയ്യാ കാലഘട്ടത്തെ ഓർമ്മപ്പെടുത്തുന്ന തരത്തിലാവുന്നുവന്നത് വേദനാജനകം തന്നെയാവുന്നു. വർത്തമാന കാലത്തെ ആഘോഷങ്ങൽക്കെല്ലാം ധാർമിക മുല്യങ്ങൾക്കപ്പുറം കച്ചവടവൽക്കരണത്തിൻറെതായ സുഖകരമല്ലാത്ത മാനം കൈവന്നിരിക്കുന്നു. പവിത്രമായ ലക്ഷ്യങ്ങളുടെ പ്രചാരകരായി സമൂഹത്തിന് വെളിച്ചം നൽകേണ്ടവർ പോലും പ്രത്യകിച്ച് അവരിലെ യുവത ഉത്സവാഘോഷങ്ങളുടെ മറവിൽ ആഭാസങ്ങളുടെ അംബാസഡർമാരായി  തരം താഴുന്നത് നിരാശജനകമാവുന്നു .

ഇതിൽ നിന്നും നമ്മുക്ക് മോചനം അനിവാര്യമാണ് . ഈദു പോലുള്ള ഒത്തിരി നന്മകൾ പ്രഘോഷണം ചെയ്യുന്ന ആഘോഷങ്ങൾ ലോകത്തിനു മാതൃകയാകുന്ന നേരിൻറെ പക്ഷം വിപുലീകരിക്കുന്ന ഉത്സവങ്ങളായി മാറേണ്ടതുണ്ട്

സത്യവും മിഥ്യയുമായ രണ്ടു മാർഗങ്ങൾ മനുഷ്യർക്ക് മുമ്പിൽ അല്ലാഹു സംവിധാനിച്ചിരിക്കുന്നു. ഇത് വേർതിരിച്ച് മനസ്സിലാക്കി കൊടുക്കുവാനാണ് അല്ലാഹു അവന്റെ പ്രവാചക ശ്രേഷ്ടരെ നിയോഗിച്ചത്. ഇവയിൽ മനുഷ്യർ സത്യമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ ഉന്നതി പ്രാപിക്കുവാൻ അവർക്ക് സാധിക്കുന്നു. മിഥ്യ തിരഞ്ഞെടുക്കുന്നവർ അധോഗതിയുടെ പാതാളത്തിലേക്ക് അധ:പതിക്കുവാൻ അത് നിമിത്തമാവുകയും ചെയ്യുന്നു ഈ അവസ്ഥയെ വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുന്നത് നോക്കുക "മനുഷ്യനെ ഏറ്റവും മെച്ചമായ രീതിയിൽ ഞാൻ സൃഷ്ടിച്ചു , പിന്നെ അധമരിൽ അധമനാക്കി അവനെ ഞാൻ മടക്കി . വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരൊഴികെ "

സത്യവിശ്വാസിക്ക് അവൻറെ മതവും ആചാരങ്ങളും ആലങ്കാരികമായ പുറം മോടിക്കുള്ളതല്ല ,മറിച്ച് ആന്തരികമായ വിശ്വാസ ബലമാവണം ഒരു യദാർഥ വിശ്വാസിയുടെ  പുറം കാഴ്ചകളിലും തെളിയേണ്ടത്. തീൻ മേശയിലെ ഭക്ഷണ തളികയിലേക്ക് അതിനു ചുറ്റുമിരിക്കുന്ന വിശന്നുവലഞ്ഞവർ എപ്രകാരം കൈനീട്ടുന്നുവോ അപ്രകാരം അവസാന കാലത്ത് എന്റെ സമൂഹത്തിനു നേരെ ശത്രുകരങ്ങൾ നീളുമെന്ന പ്രവാചക വചനം അന്വർത്ഥമാവുന്ന ഈ കാലത്ത് സൂക്ഷ്മതയോടെ ജീവിതം നയിച്ച് ,അല്ലാഹുവിൻറെ പ്രീതി നേടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുവാനുള്ള സൽകർമ്മങ്ങളിൽ വ്യാപൃതരാവുക .
ഏവർക്കും  ഹൃദ്യമായ ബലിപെരുന്നാൾ ആശംസകൾ നേരുന്നു .

സലിം നാലകത്ത്
ജനറൽ സെക്രട്ടറി
കെഎംസിസി ഖത്തർ
സംസ്ഥാന കമ്മിറ്റി



# പെരുന്നാൾ;
## ഓർമ്മകളുടെ തിരയിളക്കം.

വിശ്വാസികൾക്ക് ആഘോഷിക്കാനും സന്തോഷിക്കാനുമുള്ള കാരണമാണ് രണ്ടു പെരുന്നാളുകൾ. ഖലീലുല്ലാഹി ഇബ്രാഹിം (അ) ന്റെയും കുടുംബത്തിന്റെയും ത്യാഗസ്മരണകൾ അയവിറക്കുന്ന ഈ അവസരത്തിൽ പ്രവാസികൾക്കിടയിലെ രചനാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ ഖത്തർ കേരള ഇസ്‌ലാഹി സെന്റർ പുറത്തിറക്കുന്ന പെരുന്നാൾ സപ്ലിമെന്റിനു എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രവാസിയാവുന്നതിനു മുൻപും ശേഷവുമുള്ള നമ്മുടെ പെരുന്നാളുകൾ തികച്ചും വ്യത്യസ്തമാണ്. ആഘോഷ സമാനമായ ചുറ്റുപാടിൽ കൂട്ടുകാരും കുടുംബക്കാരും നാട്ടുകാരും, വിരുന്നുകാരും ഉൾപ്പെടുന്ന പെരുന്നാൾ ആണ് നമ്മുടെ ഗൃഹാതുരത്വമുണർത്തുന്ന നാട്ടോർമ്മകൾ. എന്നാൽ പ്രവാസിയായതിനു ശേഷം പലപ്പോഴും റൂമിലെ ബിരിയാണിയിൽ മാത്രമൊതുങ്ങുന്ന പെരുന്നാൾ ആഘോഷങ്ങളായി മാറുകയാണ് പലർക്കും പതിവ്.

കുട്ടിക്കാലത്തു രാവിലെ എഴുന്നേറ്റു പുതുമണം പരത്തുന്ന കുഞ്ഞുടുപ്പിടുമ്പോൾ കിട്ടിയ ആ സന്തോഷം ഇന്നും നമ്മുടെ മനസിൽ മായാത്ത ഓർമ്മയായി നിലനിൽക്കുന്നു, അന്ന് നാം കഴിച്ച വിശിഷ്ട ഭക്ഷണങ്ങളുടെ ഓർമ്മകൾ ഇന്നും നാവിൽ രുചി പടർത്തുന്നു. പെരുന്നാളുകൾ നമുക്ക് വിശിഷ്ട ദിവസമായി അനുഭവപ്പെട്ടത് അങ്ങനെയൊക്കെയായിരുന്നു. ഈദ്ഗാഹിലെ കൂട്ടമായ തക്ബീർ ധ്വനികൾ കൗതുകത്തോടെ കേട്ടതും തന്റെ ശബ്ദം എല്ലാവരേക്കാളും ഉയരത്തിൽ കേൾക്കാൻ ഒന്നാമത്തെ സ്വഫ്ഫിൽ തന്നെ സ്ഥലം പിടിച്ചു ഉച്ചത്തിൽ തക്ബീർ മുഴക്കിയതും പെരുന്നാളോർമ്മകളായി ഇന്നും നിലനിൽക്കുന്നു.

വലിയൊരു വിഭാഗം പ്രവാസികൾക്ക് പെരുന്നാൾ ജോലിക്കിടയിലാണെങ്കിൽ മറ്റു ചിലർക്ക് ജോലിക്കിടയിൽ കിട്ടുന്ന ഏക ഒഴിവു ദിനമെന്ന നിലയിൽ വിശ്രമ ദിവസമായിരിക്കും. കൂട്ടുകാരൊത്തു പാർക്കിൽ പോകുന്നതിലും, പ്രവാസി സംഘടനകൾ നടത്തുന്ന ഈദ് മീറ്റിലും ആ ആഘോഷങ്ങൾ ഒതുങ്ങുന്നു.

ഓർമ്മയിലെ പെരുന്നാളുകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവുമാദ്യം മനസ്സിൽ വരുന്നത് ഈദ്ഗാഹ് കഴിഞ്ഞു ബന്ധുക്കളുടെയും അയൽവാസികളുടെയും വീടുകളിലേക്ക് കൂട്ടുകാരോടൊത്തു വലിയ സംഘമായുള്ള യാത്രയാണ്. പായസവും പലതരം പാനീയങ്ങളും തയ്യാറാക്കി പല ഉമ്മമാരും കാത്തുനിൽക്കും, കാരണം വർഷങ്ങളായുള്ള ഒരു പതിവായിരുന്നു ആ യാത്ര. ഇന്ന് അത്തരമൊരു യാത്ര ആഗ്രഹം മാത്രമായി ഒതുങ്ങുന്നു.

ഐക്യത്തിന്റെയും ഒരുമയുടെയും പെരുമ വിളിച്ചോതുന്ന ആഘോഷങ്ങളിൽ നിന്ന് നാം നമ്മിലേക്ക് മാത്രമൊതുങ്ങിയ കാലത്ത് പെരുന്നാളുകൾക്ക് പൊലിമ കുറയുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഏറിവന്ന ഉത്തരവാദിത്തങ്ങളും മാറിയ സാമൂഹിക സാഹചര്യങ്ങളും ഇതിനു കാരണമാകുന്നു എന്നതാണ് യാഥാർഥ്യം.

ജീവിതാനുഭവങ്ങൾ പകർന്നു നൽകിയ ഓർമകൾ അയവിറക്കി വീണ്ടുമൊരു പെരുന്നാൾ നമ്മിലേക്കെത്തുമ്പോൾ എല്ലാ പ്രവാസികൾക്കും ഹൃദ്യമായ ബലിപെരുന്നാൾ ആശംസകൾ.

അബ്ദുൽ വഹാബ് ഉളിയിൽ
ദോഹ ഖത്തർ

# വലിയ പെരുന്നാളും ബലികർമ്മവും

ഖുർആനിൽ അല്ലാഹു സത്യം ചെയ്ത് പരാമർശിച്ച പത്തു ദിനങ്ങൾ ഉൾകൊള്ളുന്ന കർമ്മ സമ്പുഷ്ടമായ മാസമാണല്ലോ ദുൽഹിജ്ജ. ഹാജിമാരോട് ഐക്യപ്പെട്ട് ലോക മുസ്‌ലീങ്ങൾ അനുഷ്ഠിക്കേണ്ട അറഫാ നോമ്പ് കഴിഞ്ഞാൽ അടുത്ത ദിവസമാണ് ഈദുൽ അള്ഹായുടെ ആഘോഷ ദിനങ്ങൾ ആരംഭിക്കുന്നത് .തക്ബീർ ധ്വനികളാൽ മുഖരിതമാകുന്ന മൂന്ന് ദിന രാത്രങ്ങൾ എന്തുകൊണ്ടും ഏതൊരു മുസ്‌ലിമിനും നൽകുന്ന ആത്മ നിർവൃതി ഒന്ന് വേറെ തന്നെയാണ്. അൽഹംദുലില്ലാഹ് .

ഈദുൽ ഫിത്വറിനെ അപേക്ഷിച്ചു ഈദുൽ അള്ഹക്കുള്ള സവിശേഷത, അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചു ചെയ്യുന്ന ബലികർമ്മമാണ്. ആടിനെയോ മാടിനെയോ അല്ലാഹുവിന്റെ മാർഗത്തിൽ ബലി നൽകി അതിന്റെ മാംസം പാവപ്പെട്ട ആളുകളിലേക്ക് എത്തിച്ചു നൽകുമ്പോൾ ഈ ആഘോഷത്തിന്റെ സാമൂഹിക മാനം കൂടി ഇതിലൂടെ വ്യക്തമാവുകയാണ്.
സ്വഹീഹുൽ ബുഖാരിയിൽ ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം :
ബറാഅ (റ ) വിൽ നിന്ന് നിവേദനം: “നബി (സ ) പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട് അങ്ങനെ അവിടുന്ന് അരുളി. നിശ്ചയം നമ്മുടെ ഈ ദിവസം നാം ആദ്യമായി ആരംഭിക്കുക നമസ്കാരമാണ്.ശേഷം നാം പുറപ്പെട്ട് ബലിയറുക്കും.അങ്ങനെ വല്ലവനും ചെയ്താൽ അവൻ നമ്മുടെ നടപടി സമ്പ്രദായങ്ങളിൽ പങ്കു ചേർന്നു” (ബുഖാരി: 2 : 15 :71)
മനുഷ്യ ബന്ധങ്ങളുടെ,പ്രത്യേകിച്ച് കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിന് വില കല്പിക്കുന്നതാണ് ഇസ്‌ലാമിലെ ഈദ് ദിനങ്ങൾ.നമ്മുടെ ഈ ബക്രീദ് ദിനത്തിൽ ബന്ധങ്ങൾ അപ്രസക്തമായി പോകുന്ന ഇക്കാലത്തും കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ .ആമീൻ

അനീസുദ്ധീൻ ടി.വി
കൺവീനർ, പബ്ലിക്കേഷൻ



# ഈദ്ഗാഹും അറഫാദിനവും...

മുസ്‌ലിം സമൂഹത്തിൽ നിലനിൽക്കുന്ന തർക്കങ്ങളിലൂടെ ഈദിന്റെ ശോഭ കെടുത്താതിരിക്കുക.

1) ഈദ്ഗാഹുകൾ ബിദ്അത്താണ് എന്ന വാദം.

പ്രവാചകന്റെ മുഴുവൻ ഹദീസുകളിലും ഈദ്ഗാഹ് മാത്രമാണുള്ളത്. പ്രവാചകന്റെ ലക്ഷക്കണക്കായ ഹദീസുകളുടെ കൂട്ടത്തിൽ ഒരു ഹദീസ് പോലും ഈദ്ഗാഹിന് എതിരായി കാണാൻ കഴിയില്ല

2) അറഫാദിനം ലോകത്ത് എല്ലായിടത്തും ഒരേ ദിവസം വേണം എന്ന വാദം.

ഈ വാദം മുസ്‌ലിം സമൂഹത്തിന്റെ ആഘോഷദിനമായ ഈദുൽ അദ്ഹയുടെ ശോഭ കെടുത്താനേ ഉപകരിക്കൂ. അത്തരം തർക്കങ്ങളിൽ നിന്ന് മാറിനിൽക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. ഇമാം മുസ്‌ലിം(റ) തന്റെ സ്വഹീഹിൽ കൊണ്ട് വന്ന ഒരു അദ്ധ്യായത്തിന്റെ പേര് തന്നെ "ഏതൊരു നാട്ടിൽ മാസം കണ്ടുവോ ആ നാട്ടുകാർക്ക് മാത്രമാണ് അത് ബാധകമാവുന്നത്. ദൂരെ ദിക്കുകളിലുള്ളവർക്ക് അത് ബാധകമല്ല". എന്നതാണ്.

ഇമാം നവവി സ്വഹീഹ് മുസ്‌ലിമിന്റെ 1087ാം നമ്പർ ഹദീസിന്റെ വിശദീകരണത്തിൽ പറയുന്നത്. ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ഒരു നാട്ടിൽ മാസം കണ്ടാൽ അത് എല്ലാ നാടിന്നും ബാധകമല്ലെന്ന് പ്രഖ്യാപിക്കുന്നു. ഇമാം ഖുർതുബി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയെ പോലെ നിരവധി പൗരാണിക പണ്ഡിതന്മാരും ശൈഖ് ഉസൈമീൻ പോലെയുള്ള നിരവധി സമകാലിക പണ്ഡിതരും ഈ അഭിപ്രായത്തെ പ്രബലമാക്കുമ്പോൾ ഇത്തരം വിഷയങ്ങൾ സമൂഹത്തിലേക്ക് കൊണ്ട് വന്ന് പെരുന്നാളിന്റെ ശോഭക്ക് മങ്ങലേൽപിക്കാതെ തക്ബീറിന്റെ മന്ത്രധ്വനിയുമായി, അത്തറിന്റെ പരിമളവുമായി പുത്തനുടുപ്പിന്റെ പുതുമയോടെ നമുക്ക്, വിശ്വാസികൾക്ക് ഈദാഘോഷിക്കാനാവണം.

ഉമർ ഫൈസി
ദാഈ,
ഖത്തർ കേരള ഇസ്‌ലാഹി സെന്റർ




# അല്ലാഹുവിന് കീഴ്പ്പെടുന്നവനാവുക

ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ആഘോഷമായ ബലി പെരുന്നാൾ നമ്മളിൽ ആഗതമാവുകയാണെല്ലോ ഈ സന്ദർഭത്തിൽ ഇബ്റാഹിം നബിയുടെ ആത്മ സമർപ്പണമാണ് നമ്മൾ അയവിറക്കേണ്ടത്. അല്ലാഹുവിന് കീഴ്പെടുന്നതിൽ നമ്മുടെ മാതൃകയാണ് ഇബ്റാഹിം (അ). അല്ലാഹുവിന്റെ കൽപനകൾ എന്തുതന്നെയായാലും അത് നിറവേറ്റിയ മഹാൻ. ഇന്ന് ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് അല്ലാഹുവിന്റെ കൽപനകളെ തിരസ്കരിക്കുക എന്നത് ഇവിടെയാണ് ബലിപ്പെരുന്നാൽ നമ്മുടെ മുന്നിലെത്തിയ ഈ സന്ദർഭത്തിൽ നാം നമ്മുടെ ഇഷ്ടങ്ങളെ അല്ലാഹുവിന്റെ ഇഷ്ടങ്ങൾക്ക് അനുസരിച്ചു മാറ്റം വരുത്താൻ തയ്യാറാകുന്നുണ്ടോ എന്ന്. എന്ത് പ്രശ്നങ്ങൾ നേരിട്ടാലും അല്ലാഹുവിന് നാം കീഴ്പ്പെടുന്നവനാവുക എന്നതാണ് ഈ ഈദ് നൽകുന്ന സന്ദേശം.

ഫൈസൽ സലഫി
കൺവീനർ,ദഅവ വിംഗ്






# പെരുന്നാൾ രാവ്

ശവ്വാലമ്പിളി മാനത്ത്
പിറവിയെടുക്കും നേരത്ത്
ദൂരെ പള്ളി മിനാരത്ത്
തക്ബീറുയരും സമയത്ത്
പിഞ്ചു മനസ്സിന്നുൽസാഹം
പുത്തനുടുപ്പിന്നാഹ്ലാദം
പൂമ്പാറ്റകളായ് പാറി നടക്കാൻ
കുഞ്ഞുങ്ങൾക്കെന്തുത്സാഹം

ഇൽഫ ഷംസ്
ക്ലാസ് 3

# എന്റെ ഈദ് ദിനങ്ങൾ

ഈദ് ദിവസങ്ങൾ എപ്പോഴും സന്തോഷം നിറഞ്ഞതാണ്. തലേന്ന് തന്നെ ആഘോഷം തുടങ്ങും. തക്ബീർ കേട്ട് തുടങ്ങിയാൽ പിന്നേ തിരക്കുകൾ തുടങ്ങി. അതിരാവിലെ എണീറ്റ് കുളിക്കാൻ അന്ന് നല്ല ഉഷാറാണ്. പുതിയ ഉടുപ്പ് ഇട്ട് പള്ളിയിൽ പോകാൻ തിരക്കാണ് പിന്നെ. പള്ളിയിൽ നിന്ന് ഞങ്ങൾക്ക് കൈ നിറയെ മിഠായിയും ജ്യൂസും ഒക്കെ കിട്ടും. നിസ്കാരം കഴിഞ്ഞു വന്നാൽ സൂപ്പർ സർപ്രൈസ് ഗിഫ്റ്റുകൾ കിട്ടും. വീട്ടിൽ ബിരിയാണി മണം നിറയും. കൂട്ടുകാരും വീട്ടുകാരും കൂടി ചിരിച്ചും കളിച്ചും ഈദ് ദിവസം ഏറെ ഇഷ്ടമുള്ളതായിത്തീരും

റിസ പാലക്കൽ
ക്ലാസ് 2

# LARA'S OREO

It was a rainy day at Broomstown park. The princess Lara went to the park with her cute little bunny named Oreo. Oreo were playing in the grass and eating his carrot. Suddenly her bunny Oreo were missing. The princess Lara became so sad and she called rescue team Poli, Helly, Roy and Amber to rescue her Bunny. Then the rescue team started to find the Oreo. They searched every corner of the park. Finally, Helly has find the Bunny Oreo. Then they proudly gave him to Lara. Lara was super happy, cheering and dancing with joy. That time Oreo jumped to Helly's head and Helly laughed himself. Lara also laughed watching her Oreo on Helly's head. Poli the rescue team captain said we are glad that Oreo is all right. Then Amber checked Oreo's health is OK.



Lara loves her Oreo very much. Because Oreo is very cute and sweet and Oreo is a good friend of Lara. Everyone in the Town likes Lara's Oreo. Because he is very friendly to everyone. They went back to their castle and lived happily ever after.

**Emira Aleen Afnas**
**Class: 2**





# കളിക്കൂട്ടം


IHSAN MOHAMMED PV, CLASS : 6


HIRA HASHIR, CLASS : 2


NAFIYA MARIYAM, CLASS: 1


NABHAN UBAIDULLAH, CLASS: 3


NOUF BIN NOUSHAD, CLASS 3



AYISHA ABDUL GAFOOR, CLASS : 3


SHAZNEEN TV, CLASS : 4



IHAN ABDUL VAHAB, CLASS : 4


ADNAN BIN ANAS : CLASS 5


ADNAN BIN ANAS : CLASS 5


ADNAN BIN ANAS : CLASS 5



REHAN PALAKKAL, CLASS : 4


NOURIN BIN NOUSHAD, CLASS : 5


HATIM ABDUL VAHAB, CLASS 1

# ക്യു. കെ. ഐ. സിക്ക് പുതുനേതൃത്വം

ദോഹ: ഖത്തർ കേരള ഇസ്‌ലാഹി സെന്റർ 2024–25 വർഷത്തേക്കുള്ള ഭാരവാഹികളെ കേന്ദ്ര കൗൺസിൽ യോഗം തിരഞ്ഞെടുത്തു. പ്രസിഡന്റായി കെ.ടി. ഫൈസൽ സലഫിയും, ജന: സെക്രട്ടറിയായി മുജീബ് റഹ്മാൻ മിശ്കാത്തിയും , ട്രഷററായി മുഹമ്മദലി മൂടാടിയും തിരഞ്ഞെടുക്കപ്പെട്ടു. ഉമർ സ്വലാഹി, ഖാലിദ് കടുപ്പാറ, അൻവർ കടവത്തൂർ എന്നിവർ വൈസ് പ്രസിഡന്റുമാരായും, സ്വലാഹുദ്ധീൻ സ്വലാഹി, ഷബീറലി അത്തോളി, അബ്ദുൽ ഹക്കീം പിലാത്തറ, സെലു അബൂബക്കർ, ശഹാൻ വി.കെ എന്നിവരെ സെക്രട്ടറിമാരായും തിരഞ്ഞെടുത്തു.

കേന്ദ്ര എക്സിക്യുട്ടീവിൽ വിവിധ വകുപ്പ് കൺവീനർമാരായി ഫൈസൽ സലഫി എടത്തനാട്ടുകര , അബ്ദുൽ കഹാർ ചെർപ്പുളശ്ശേരി, അബ്ദുൽ വഹാബ് ഉളിയിൽ, ഹാഷിർ മൂടാടി, ജൈസൽ കിനാലൂർ , മുഹമ്മദ് ഫെബിൽ ചേലേമ്പ്ര, ഡോ. അബ്ദുല്ല , മുഹമ്മദ് എൻ ടി, ആഷിഖ് മങ്കട, ഇസ്മാഇൽ നന്തി, അനീസ് മാസ്റ്റർ , അബ്ദുല്ലത്തീഫ് മയ്യിൽ എന്നിവരെയും നിയമിച്ചു.

# ജീവിത വിജയം നന്മയാർന്ന പ്രവർത്തനങ്ങളിലൂടെ: ഹുസൈൻ സലഫി



ദോഹ : ആരോഗ്യവും സമയവും നന്മയുടെ മാർഗത്തിൽ ചിലവഴിക്കുക വഴി പരലോക ജീവിതം രക്ഷപ്പെടുത്താൻ വിശ്വാസികൾക്ക് സാധിക്കണമെന്നും, നല്ല കാര്യങ്ങൾ നാളേക്ക് മാറ്റി വെക്കാതെ സമയ ബന്ധിതമായി ചെയ്യാൻ നാം ശ്രദ്ധിക്കണമെന്നും പ്രമുഖ പണ്ഡിതനും ഷാർജ മസ്ജിദ് അൽഅസീസ് ഖത്തീബുമായ ഹുസൈൻ സലഫി പ്രഖ്യാപിച്ചു

ഓരോരുത്തരും അവരവരുടെ കർമ്മഫലങ്ങളാണ് നാളെ അനുഭവിക്കുക, അതിനാൽ സൽക്കർമ്മങ്ങൾ വർദ്ധിപ്പിക്കാൻ നാം ശ്രദ്ധിക്കണം. പ്രശംസക്കും പ്രശസ്തിക്കും വേണ്ടി പ്രവർത്തിക്കുന്നവരായി നാം മാറരുതെന്നും അദ്ദേഹം സദസിനെ ഉണർത്തി. ശൈഖ് അബ്ദുല്ലാഹ് ബിൻ സൈദ് ആലു മഹ്മൂദ് ഇസ്‌ലാമിക് കൾച്ചറൽ സെന്റർ സംഘടിപ്പിച്ച കേരള കോൺഫറൻസിൽ ജീവിതം അടയാള പ്പെടുത്തുക നാളേക്ക് വേണ്ടി എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മരണത്തിന് ശേഷം നമ്മുടെ കർമ്മങ്ങൾ മാത്രമേ നമുക്ക് കൂട്ടിനുണ്ടാവുകയുള്ളൂ.

ആത്മാർത്ഥതയും സത്യസന്ധതയും കൈമുതലാക്കി ജീവിക്കുന്നതിലൂടെ വിജയം വരിക്കാനാകുമെന്നും, സാമൂഹിക തിന്മകളെ എതിർക്കുന്നവരെ പിന്തിരിപ്പന്മാരായി ചിത്രീകരിക്കുന്നത് ചരിത്രാതീത കാലം മുതൽ പതിവുള്ളതാണെന്നും മുഹമ്മദ് നബിക്ക് പോലും ഈ അവസ്ഥ നേരിടേണ്ടി വന്നിട്ടുണ്ടെന്നും അദ്ദഹം ഓർമ്മിപ്പിച്ചു. മുഹമ്മദ് നബി പഠിപ്പിച്ച വിശ്വാസവും സ്വഭാവവും ജീവിതത്തിൽ പാലിച്ച് ശാശ്വത വിജയം നേടാൻ നമുക്ക് സാധിക്കണം. ആരാധനയിൽ പങ്ക് ചേർക്കുന്നതിലൂടെ കർമ്മങ്ങളുടെ ആത്മാവ് ചോരുമെന്നും അത് നഷ്ടത്തിലേക്കെത്തിക്കുമെന്നും അദ്ദേഹം ഉണർത്തി.



ദോഹ ബിൻ സൈദ് ഹാളിൽ നടന്ന കോൺഫറൻസ് ഇസ്‌ലാമിക കൾച്ചറൽ സെക്ഷൻ മേധാവി അഹ്മദ് അബ്ദുറഹീം അത്വഹാനി ഉത്ഘാടനം ചെയ്തു. മുസ്‌ലിം കമ്മ്യൂണിറ്റി കോർഡിനേറ്ററായ അബ്ദുറഷീദ് അൽകൗസരി, കെ ടി ഫൈസൽ സലഫി, മുജീബ്റഹ്മാൻ മിശ്കാത്തി, ഉമ്മർ ഫൈസി, മുഹമ്മദലി മൂടാടി എന്നിവർ സംസാരിച്ചു. പരിപാടിയോടനുബന്ധിച്ചു നടന്ന ടാലന്റ് ഹണ്ട് ഓൺലൈൻ ക്വിസ് മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം ഹുസൈൻ സലഫി നിർവഹിച്ചു.

# ധാർമ്മിക മൂല്യങ്ങൾ മുറുകെ പിടിച്ച് മുന്നേറാൻ വിദ്യാർത്ഥി തലമുറ തയ്യാറാവണം: ടീൻസ്പേസ്




ദോഹ : തലമുറകളായി നമുക്ക് പകർന്ന് കിട്ടിയ ഉന്നതമായ ധാർമ്മിക ബോധം വ്യക്തി ജീവിതത്തിലും, സാമൂഹിക ജീവിതത്തിലും പകർത്തി സമൂഹത്തിന് മാതൃകയാവാൻ വിദ്യാർത്ഥി സമൂഹം തയ്യാറാവണമെന്ന് കൗമാരപ്രായക്കാരായ വിദ്യാർത്ഥിവിദ്യാർഥിനികൾക്കായി സംഘടിപ്പിച്ച ടീൻസ്പേസ് വിദ്യാർത്ഥി സംഗമം പ്രഖ്യാപിച്ചു. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് മതബോധവും ധൈഷണിക മൂല്യങ്ങളും പകർന്ന് നൽകുക, പുതിയ ഉപരിപഠന മേഖലകളും സാധ്യതകളും പരിചയപ്പെടുത്തുക, മൊബൈൽ ഫോണിനോടുള്ള ഗുണപരമല്ലാത്ത അമിതാസക്തി, ലൈംഗിക അരാജകത്വം, വിധ്വംസക പ്രവർത്തനങ്ങൾ എന്നിവക്കെതിരെ ബോധ വൽക്കരണം നടത്തുക,

വിദ്യാർത്ഥികൾക്കിടയിൽ പൊതുവിൽ കണ്ട് വരുന്ന ആത്മഹത്യാ പ്രവണത, വിരസത, ലഹരി ഉപയോഗത്തിലേക്കുള്ള പ്രവണത, ജനാധിപത്യ രാഷ്ട്രീയ പ്രവർത്തനങ്ങളോട് വളരുന്ന അപകർഷത തുടങ്ങിയ പ്രശ്നങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്ത് പരിഹാരങ്ങൾ നിർദ്ദേശിക്കുക, ആരോഗ്യ സംരക്ഷണ രംഗത്ത് കൃത്യമായ നിർദ്ദേശങ്ങൾ നൽകുക, അവരുടെ കഴിവുകളും മികവുകളും രാജ്യത്തിനും സമൂഹത്തിനും വേണ്ടി ഉപയോഗപ്പെടുത്താൻ പ്രേരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച സംഗമത്തിൽ അധ്യാപകനും, കൗൺസിലറുമായ മുനവ്വർ സ്വലാഹി മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.



ഡോ. അബൂബക്കർ (ഖത്തർ യൂനിവേഴ്സിറ്റി), ഫിറോസ് പി. ടി എന്നിവർ കരിയർ ഗൈഡൻസ് സെഷനിലും, ഡോ: സബീന അബ്ദുൽ സത്താർ ആരോഗ്യ സെഷനിലും സംബന്ധിച്ചു. സജീർ, ഡോ: അബ്ദുല്ല, ഹാഷിർ എന്നിവർ ഫിസിക്കൽ ട്രെയിനിംഗ് സെഷന് നേതൃത്വം നൽകി. വിവിധ ഇസ്‌ലാമിക വിഷയങ്ങളിൽ ഉൾക്കാഴ്ച നൽകിയ പഠന ഡിസ്കഷൻ, രക്ഷിതാക്കൾക്കായുള്ള പാരന്റിംഗ് സെഷൻ, കുട്ടികൾക്കായുള്ള ലിറ്റിൽ കിങ്ഡം തുടങ്ങിയ വിവിധ സെഷനുകളിൽ ചെയർമാൻ മുജീബ് റഹ്മാൻ മിശ്കാത്തി, കൺവീനർ മുഹമ്മദ് അസ്‌ലം കാളികാവ്, സ്വലാഹുദ്ധീൻ സ്വലാഹി, കെ. ടി. ഫൈസൽ സലഫി, മുർഷിദ് സുല്ലമി മങ്കട തുടങ്ങിയവർ വിദ്യാർത്ഥികളുമായി സംവദിച്ചു.

## അൽ മനാർ മദ്രസ്സ പൂർവ വിദ്യാർത്ഥികളെ ആദരിച്ചു




2023–24 അദ്ധ്യയന വർഷം സി. ബി. എസ്. ഇ സെക്കണ്ടറി, ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉന്നത വിജയം നേടിയ അൽമനാർ മദ്റസ പൂർവ്വ വിദ്യാർത്ഥികളെ ഖത്തർ കേരള ഇസ്‌ലാഹി സെൻറർ അനുമോദിച്ചു.

ക്യു. കെ. ഐ. സി വിജ്ഞാന വിരുന്നിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ ഡോ: ഹാഫിസ് അഹ്മദ് (അബീർ മെഡിക്കൽ സെന്റർ) വിജയികളായവർക്ക് അവാർഡുകൾ സമ്മാനിച്ചു.







